ഉയർത്തുകയും അതിനുതാഴെ അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ആഫീസർ തസ്തിക സൃഷ്ടിക്കുകയും ചെയ്തപ്പോൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക വകുപ്പിലെ രണ്ടാമത്തെ ഗസറ്റഡ് തസ്തിക ആയി മാറി. ഇതിനുള്ള സെലക്ട് ലിസ്റ്റ് അംഗീകരിക്കേണ്ടത് ഡി. പി. സി. ഹയർ ആയതിനാൽ 18-8-2001-ൽ കൂടിയ ഡി. പി. സി. (ലോവർ) മീറ്റിംഗിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റ് അംഗീകരിച്ചില്ല.

(എച്ച്) വകുപ്പിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ആദ്യത്തെ ഗസ്റ്റ് തസ്തിക ജില്ലാ ഭാഗ്യക്കുറി ഓഫീസർ ആയിരുന്നു. 19-9-1985-ലെ ജി. ഒ. (പി. 515/85/ഫിൻ. ഉത്തരവ് പ്രകാരം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക ഉയർത്തുകയും 21-8-1987-ലെ ജി. ഒ. (എം. എസ്.) 8/87/റ്റി. ഡി. ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക സൃഷ്ടിക്കുകയും ചെയ്തപ്പോൾ ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തിക വകുപ്പിലെ രണ്ടാമത്തെ ഗസറ്റഡ് തസ്തികയായി മാറി. എന്നാൽ 2000 വരെ ഡി. പി. സി. (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റ് പ്രകാരമാണ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയിരുന്നത്. ഈ കാലയളവിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർമാരായി സ്ഥാനകയറ്റം ലഭിച്ചവരുടെ ലിസ്റ്റ് ഡി. പി. സി. (ഹയർ) അംഗീകരിച്ച് അവരുടെ ആ തസ്തികയിലെ പ്രൊമോഷൻ ക്രമീകരിക്കണമെന്നുണ്ട്. ഈ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കേണ്ടത്. ഇവരുടെ താഴെ തസ്തികയിലെ സ്ഥാനക്കയറ്റങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.

(ഐ) സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയാൽ ഉടൻ തന്നെ ഡി. പി. സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ജെ) സ്വീകരിച്ചു വരുന്നു.

ക്ഷേമനിധി ബോർഡുകളിൽ ആഡിറ്റ് സംവിധാനം ശക്തമാക്കാൻ നടപടി

31 (1084) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള ആഡിറ്റ് സംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കാര്യക്ഷമമായ ആഡിറ്റ് നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പ് ഇപ്പോൾ എത്ര സ്ഥാപനങ്ങളുടെ ആഡിറ്റ് നടത്തുന്നുണ്ട് ;

(ഡി) തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ആഡിറ്റ് പൂർണ്ണമായും ലോക്കൽഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് നടത്തിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 7-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും പ്രകാരം വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്ന വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നുണ്ട്.

(ബി) ഇല്ല.

(സി) 56 വ്യത്യസ്ത വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഏകദേശം 3470 സ്ഥാപനങ്ങളുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്നു. ഇതിൽ 13 തൊഴിലാളി ക്ഷേമനിധി ബോർഡുകളും ഉൾപ്പെടുന്നു.

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ഓഡിറ്റ് മാത്രമേ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെക്കൊണ്ട് ഓഡിറ്റ് നടത്തിക്കുവാൻ നിർവ്വാഹമുള്ളൂ.

മുദ്രപത്രത്തിന്റെ വില്പന പരിധി

32 (1086) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപത്രത്തിന്റെ വെണ്ടർമാർക്കുള്ള വില്പന പരിധി എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) വില്പന പരിധി വർദ്ധിപ്പിക്കാനോ പരിധി എടുത്തു കളയുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

സ്റ്റാമ്പ് വെണ്ടർമാർക്കുള്ള മാനദണ്ഡങ്ങളിൽ കാണപ്പെട്ട പാകപ്പിഴകൾ

33 (1087) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-2-2003-ലെ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ സ്റ്റാമ്പ് വെണ്ടർമാർക്കുള്ള മാനദണ്ഡങ്ങളിൽ കാണപ്പെട്ട പാകപ്പിഴകൾ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം സർക്കാരിന് ലഭിച്ചുവോ ;

(ബി) എങ്കിൽ ആരാണ് നിവേദനം നൽകിയത് ;

(സി) ഏതു ജില്ലയിലെ വെണ്ടർമാരാണ് കൂടുതലായി പരാതി നൽകിയിട്ടുള്ളത് ;

(ഡി) പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly